For circulation among believers only

www.bahrainbrethren.com

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001
Postal Registration No.
KL/EKM/429/2009 (Provisional)

Annual Subscription Rs. 50

വാല്യം - 8 | ലക്കം - 3 | ഫെബ്രുവരി 2009

# അറബിക്കടലിലെ പവിഴങ്ങൾ

**കൊ**ച്ചി തുറമുഖത്തു നിന്ന് 220 മുതൽ 440 കിലോ മീറ്റർ ദൂരത്ത് അറബിക്കടലിൽ സ്ഥിതി ചെയ്യുന്ന ലക്ഷദ്വീപ് സമൂഹത്തെ 'അറബിക്കടലിലെ പവിഴങ്ങൾ' എന്ന് വിശേഷിപ്പിക്കുന്നതിൽ അതിശയോക്തിയില്ല.

എഴുതപ്പെട്ടതായ പുരാതന ചരിത്രമൊന്നും ലക്ഷദ്വീപിനെ കുറിച്ചില്ല. അറബിക്കഥയിലെ മാസ്മരികത നിറഞ്ഞ ഐതിഹ്യങ്ങളാണ് ദ്വീപസമൂഹത്തിന്റെ ചരിത്രാടിസ്ഥാനം. 16-ാം നൂറ്റാണ്ടിൽ മലബാറിലെ ചിറക്കൽ രാജാവിന്റെ അധീനതയിൽ മുസ്ലീം പ്രതാപ കുടുംബമായ അറക്കൽ കുടുംബങ്ങളെ ദ്വീപിന്റെ ഭരണ കാര്യങ്ങൾ ഏൽപ്പിച്ചു. അതിനു മുമ്പ് കേരളത്തിന്റെ പ്രധാന തുറമുഖ പട്ടണമായ കൊടുങ്ങല്ലൂരിലേക്ക് വ്യാപാരത്തിനായി വരുന്ന അറബികളുടെ ഇടത്താവളമായിരുന്നു ഈ ദ്വീപസമൂഹം. എന്നാൽ അറക്കൽ ബീബിയുടെ വരവോടെ ദ്വീപിന്റെ സ്ഥിതി മാറി. ആർക്കും വന്നു കേറാവുന്ന നിലമാറി. അടുക്കും ചിട്ടയുമുള്ള ഒരു ജീവിത രീതിയിലേക്ക് ജനസമൂഹത്തെ ബീബി നയിച്ചു. ആ സമയത്തു തന്നെ അമിനി അടക്കമുള്ള ചില ദ്വീപുകളിൽ ടിപ്പു സുൽത്താൻ ഭരണം നടത്തിയിരുന്നു. 1799-ൽ ശ്രീരംഗപട്ടണം ബ്രിട്ടീഷ് അധീനതയിലായതോടെ ദ്വീപിൻമേലുള്ള സുൽത്താന്റെ അധികാരം നഷ്ടപ്പെട്ടു. അതിനു ശേഷമുണ്ടായ അതിഭയങ്കര ചുഴലിക്കാറ്റ് ദ്വീപിൽ കനത്ത നാശം വിതച്ചു. ബീബിയുടെ അഭ്യർത്ഥനയെ തുടർന്ന് അന്നത്തെ ചിറയ്ക്കൽ രാജാവ് ദ്വീപിലേക്കു പോകുവാൻ തീരുമാനിച്ചു. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നല്ല സുഹൃത്തായ രാജാവിനോടൊപ്പം കമ്പനി മേധാവി സർ. വില്യം റോബിൻസനും ദ്വീപിൽ സന്ദർശനം നടത്തി. നാലു വർഷത്തിനകം തിരിച്ചു തരണമെന്ന വ്യവസ്ഥയിൽ ദുരിതാശ്വാസത്തിനായുള്ള ധനസഹായം ഈസ്റ്റ് ഇന്ത്യ കമ്പനി നൽകി. എന്നാൽ നാലുവർഷം കഴിഞ്ഞിട്ടും പണം തിരിച്ചു നൽകാൻ കഴിയാതെ വന്നപ്പോൾ കമ്പനി ദ്വീപിനെ അവരുടെ അധീനതയിലാക്കി. അങ്ങനെ ബ്രിട്ടീഷ് നിയമ വ്യവസ്ഥ ദ്വീപിലും നിലവിൽ വന്നു.



കൊച്ചിയിലെ ലക്ഷദ്വീപ് ക്വാർട്ടേഴ്സ്

ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്നതുവരെയുള്ള കാലഘട്ടം അവരുടെ തന്ത്രപ്രധാന സ്ഥാനമായിരുന്നു ഇതിലെ ചില ദ്വീപുകൾ. സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1953-ൽ ദ്വീപുകളെ എല്ലാം ചേർത്ത് 'ലക്ഷദ്വീപ്' എന്ന പേരു നൽകി. കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തു. പത്രണ്ട് ദ്വീപുകളും, അഞ്ച് മണൽത്തിട്ടകളും, മൂന്ന് പാറപ്പുറ്റുകളുമടങ്ങിയ ലക്ഷദ്വീപ് ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്രഭരണ പ്രദേശമാണ്. ഈ അടുത്ത സമയത്ത് അഞ്ച് പുതിയ മണൽത്തിട്ടകൾ കൂടി രൂപപ്പെട്ടിട്ടുണ്ട്.



ദ്വീപിലെ നാടോടി നൃത്തം.



കടലിൽ നിന്നുള്ള ദ്വീപ് ദൃശ്യം

കവരത്തി, അഗത്തി, അമിനി, കഡ്മാത്ത്, കിൽത്തൻ, ചെത്ത്ലത്ത്, ബിത്ര, ആന്ത്രോത്ത്, കൽപ്പേനി, മിനിക്കോയി, ബങ്കാരം എന്നീ പേരുകളിൽ അറിയപ്പെടുന്ന ദ്വീപുകളിലെ ആകെ ജനസംഖ്യ 2001 കണക്കെടുപ്പനുസരിച്ച് 60,595 ആണ്. ഇതിൽ ഏറ്റവും ചെറിയ ദ്വീപായ ബങ്കാരത്തിൽ ആകെ 61 പേരാണ് താമസിക്കുന്നത്.

തെങ്ങുകൃഷിയും, മത്സ്യബന്ധനവുമാണ് പ്രധാന തൊഴിൽ. എന്നാൽ ഈ അടുത്ത കാലത്ത് ലോക വിനോദ സഞ്ചാര ഭൂപടത്തിൽ ലക്ഷദ്വീപ് പ്രധാന സ്ഥാനം നേടി. കടലിന്റെ അടിത്തട്ട് കാണാൻ കഴിയുന്ന നീല ജലാശയവും, ശാന്തമായ കടലും, തെങ്ങിൻ തോപ്പുകളും നിറഞ്ഞ ദ്വീപിന്റെ ഇപ്പോഴത്തെ പ്രധാന വരുമാനം വിനോദ സഞ്ചാര മേഖലയിൽ നിന്നാണ്.

മലയാളമാണ് പ്രധാന ഭാഷ. എന്നാൽ മിനിക്കോയിൽ ദിവേഹി ലിപികൾ ഉപയോഗിച്ച് എഴുതുന്ന മഹൾ എന്ന മാലിദ്വീപ് ഭാഷയും ഉപയോഗിക്കുന്നു. ചുരുക്കം ചില സ്കൂളുകൾ മാത്രമെ ഇവിടെയുള്ളൂ. ഒന്നോ രണ്ടോ പ്രൊഫഷണൽ ഡിഗ്രികൾ നൽകുന്ന ഒരു കോളജാണ് ദ്വീപിൽ ഇപ്പോൾ നിലവിലുള്ളത്. ആരോഗ്യ രംഗവും അത്ര പുരോഗമനമുള്ളതല്ല. ഓരോ ദ്വീപിലുമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് സാധാരണക്കാരുടെ ഏക ആശ്രയം. പിന്നീടുള്ള ചികിത്സയ്ക്ക് കേരളത്തിലേക്ക് വരണം.

സുവിശേഷത്തിന്റെ ആവശ്യകത വളരെയാണെങ്കിലും അതിനുള്ള സ്വാതന്ത്ര്യം വളരെ കുറവാണ്. ചില നാളുകൾക്കു മുമ്പ് സുവിശേഷ പ്രവർത്തനങ്ങൾക്ക് ചില സഹോദരന്മാർ പോകുമായിരുന്നു. പിന്നീട് കഠിനമായ എതിർപ്പിനെ തുടർന്ന് തിരിച്ചു പോരേണ്ടി വന്നു. മലയാളമാണ് അവിടത്തുകാർ സംസാരിക്കുന്നതെങ്കിലും ഒരു മലയാളിക്ക് അവിടേയ്ക്കു പോകുവാൻ സർക്കാരിന്റെ പ്രത്യേക അനുമതി വേണം. അവിടത്തുകാരനായ ഒരാളുടെ സ്പോൺസർഷിപ്പ് ഉണ്ടെങ്കിലേ സാധാരണക്കാരുടെ ഇടയിലേക്ക് പോകുവാനും സാധിക്കുകയുള്ളൂ. സ്പോൺസർഷിപ്പില്ലാത്ത അനുമതി വിനോദസഞ്ചാരമേഖലയിലേക്ക് മാത്രമുള്ളതാണ്.

എന്നാൽ കേരളത്തിന്റെ വിവിധ പട്ടണങ്ങളിൽ ലക്ഷദ്വീപിൽ നിന്നുള്ളവർ പഠനത്തിനായും, ചികിത്സയ്ക്കായും വന്നു താമസിക്കുന്നുണ്ട്. കൊച്ചിയിൽ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ജീവനക്കാർ കുടുംബമായി താമസിക്കുന്ന ഒരു വലിയ പാർപ്പിട സമുച്ചയം തന്നെയുണ്ട്. കൂടാതെ മറ്റ് സ്ഥലങ്ങളിലും അവിടെവിടെയായി ഇവർ താമസിക്കുന്നു.

ആലംപ്രതിയുള്ള സുവിശേഷ പ്രവർത്തനങ്ങൾക്ക് വലിയ സാധ്യതയാണ് അവിടെ പോയിട്ടുള്ള സുവിശേഷകർ പറയുന്നത്. അങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് വലിയ എതിർപ്പുകൾ ഇല്ല. എന്നാൽ പരസ്യ പ്രവർത്തനങ്ങൾ അനുവദിക്കപ്പെടുന്നില്ല.

നോക്കെത്താ ദൂരത്ത്, കടലിന്റെ ഹൃദയം പോലെ കിടക്കുന്ന ഈ കടലിന്റെ മക്കൾ, മലയാളം സംസാരിക്കുന്ന ജനത; ഇവരുടെ നിത്യജീവന്റെ താക്കോൽ ആരുടെ കൈയ്യിലാണ്. സംശയമെന്ത് മലയാളം വായിക്കുന്ന എഴുതുന്ന നമ്മുടെ കൈയിൽതന്നെ!

# 100 തികഞ്ഞ ബോയ്സ് ഹോം

**ഇ**രിങ്ങാലക്കുട ബഥേസ്ഥാ ബോയ്സ് ഹോമിന്റെ പ്രവർത്തനങ്ങൾ 100 വർഷം പൂർത്തീകരിക്കുവാൻ അനാഥരുടെയും വിധവമാരുടെയും ദൈവം സഹായിച്ചു. ജനുവരി 24-ാം തീയതി വിവിധ പരിപാടികളോടെ ശതാബ്ദി ആഘോഷിക്കാനും, ദൈവം നടത്തിയ വിവിധ വഴികളെ ഓർത്തു നന്ദിയും, സ്തുതിയും, ആരാധനയും അർപ്പിക്കുവാനും ഇടയായി. ജീവിതത്തിന്റെ വെളിച്ചത്തിലേക്ക് നടന്നു പോയ അനേകം പേർ അവരവരുടെ കുടുംബാംഗങ്ങളുമൊത്ത് ദൈവത്തിന് നന്ദി കരേറ്റുവാൻ വന്നിരുന്നു. കുട്ടികളുടെ വിവിധ പരിപാടികളും ഉണ്ടായിരുന്നു.

1901-ൽ ജർമ്മൻ മിഷനറി ആയിരുന്ന വി. നാഗൽ കുന്നംകുളത്ത് ആദ്യത്തെ പെൺകുട്ടിയെ ഏറ്റെടുത്തു കൊണ്ടായിരുന്നു തുടക്കം. 1903-ൽ ഒരു ആൺകുട്ടിയും വന്നു ചേർന്നു. 1908 ആയപ്പോഴേക്കും അത് 34 കുട്ടികൾ ആയി. തുടർന്ന് തൃശ്ശൂരിലേക്ക് താമസം മാറ്റുകയും ചെയ്തു. അവിടെ നിന്ന് ആൺകുട്ടികളെ അഡോൾഫ് കോഹറിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിലേക്ക് മാറ്റി. കോഹറാണ് ബഥേസ്ദാ ബോയ്സ് ഹോം സ്ഥാപിച്ചത്. തുടർന്ന് സ്കോട്ട്ലൻഡിൽ നിന്നും സൂട്ടർ സായ്പും മദാമ്മയും 40 വർഷത്തോളം ബോയ്സ് ഹോമിന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നടത്തി. തദവസരത്തിൽ ബ്രദർ പൗലോസ് 1944-ൽ ആദ്യത്തെ 'ഹൗസ് ഫാദർ' ആയി ചുമതല വഹിച്ചു. (അദ്ദേഹത്തിന്റെ കൊച്ചുമകനാണ് സഹോ. പൗലോസ് തുടിയൻ). സൂട്ടർ സായിപ്പിനു ശേഷം ആസ്ട്രേലിയയിലെ ബ്രിസ്ബേനിൽ നിന്നും ഡോൺ ആഡംസും ഭാര്യ മേവിസും 30 വർഷത്തോളം ഹോമിന്റെ ഉത്തരവാദിത്വങ്ങൾ വഹിച്ചു. 1976-ൽ അവർ തിരികെ പോയി. തുടർന്ന് ഡോ. ജോൺ ജോർജ്ജും ഗ്രേയ്സും ചുമതലയേറ്റു. പ്രായാധിക്യവും, ക്ഷീണവും മൂലം 2008-ൽ ബോയ്സ് ഹോമിന്റെ നടത്തിപ്പ് മിസ്. പി. എൻ. ട്രഷർറെ ഏല്പിച്ചു.



ബോയ്സ് ഹോമിലെ കുട്ടികൾ വേദിയിൽ

ബ്രദ. തങ്കച്ചൻ 'ഹൗസ് ഫാദറായി' ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു. സഹോദരി സത്യവതി 30 വർഷത്തോളമായി കുഞ്ഞുങ്ങളുടെ ആവശ്യങ്ങൾക്ക് മതിയായ മാതാവായി ശുശ്രൂഷ ചെയ്യുന്നു. സുവി. എം.എസ്. രമേശ് ആത്മീയ ശുശ്രൂഷകളിൽ കുഞ്ഞുങ്ങളെ സഹായിക്കുന്നു. 35ഓളം അന്തേവാസികൾ ഇപ്പോൾ ഹോമിൽ ഉണ്ട്. ഇവിടെ നിന്നും അനേകർ സുവിശേഷ വേലക്ക് വേർതിരിഞ്ഞിട്ടുണ്ട് എന്നുള്ളതും പ്രസ്താവ്യമാണ്. മിഷനറി വര്യന്മാർ തുടങ്ങിവച്ച ഇതുപോലുള്ള പ്രസ്ഥാനങ്ങൾ നമ്മുടെ പ്രാർത്ഥന അർഹിക്കുന്നു. വിശ്വാസികൾക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത വെളിവാക്കുന്ന ഒരു ഉത്തമ ഉദാഹരണമാണ് ബെഥേസ്ഥാ ബോയ്സ് ഹോം. സുവിശേഷത്തോടുള്ള ബന്ധത്തിൽ സാമൂഹിക സേവനത്തിൽ നാം ഇനിയും ബഹുദൂരം മുന്നേറേണ്ട ആവശ്യം ഉണ്ട്. ഒരളവിൽ തുടങ്ങിയിടത്തു തന്നെ നിൽക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതുപോലുള്ള സംരംഭങ്ങൾ മുഖാന്തരം അനേകം പേർക്ക് കർത്താവിനെ കണ്ടെത്തുവാനും, ജീവിത വിജയത്തിൽ എത്തിച്ചേരുവാനും സാധിക്കും എന്നുള്ളത് ചെറിയ കാര്യമല്ല. ഇത്തരം പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. വർഷത്തിലൊരിക്കലെങ്കിലും സന്ദർശനം നടത്തുന്നതും നന്നായിരിക്കും.

*- കുര്യൻ സി. ഐസക്ക്*

## എസ്.എസ്.എൽ. ക്യാമ്പ്
## കോട്ടയം സി.എസ്.ഐ. ക്യാമ്പ് സെന്ററിൽ

ഏപ്രിൽ 8 ബുധൻ വൈകിട്ട് മുതൽ 12 തിങ്കൾ വരെ കോട്ടയത്തു വച്ചാണ് ഇപ്രാവശ്യത്തെ എസ്.എസ്.എൽ ക്യാമ്പ് നടക്കുന്നത്. എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. കേരളത്തിലെ എല്ലാ ജില്ലകളിലേയും കോ-ഓർഡിനേറ്റേഴ്സിന്റെ പേരും ഫോൺനമ്പരും താഴെ ചേർക്കുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും അതാത് ജില്ലകളിലുള്ളവർക്ക് കോ-ഓർഡിനേറ്റേഴ്സുമായി ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം - ഷിജി റ്റി. (9847672434), കൊല്ലം - പി. ജയിംസ് (9447455388), ആലപ്പുഴ - ചാർലി മാത്യു (9447440201), പത്തനംതിട്ട - ബഞ്ചമിൻ ജോസഫ് (9947451375), കോട്ടയം - തോമസ് ടി. ജെ. (9495164374), ഇടുക്കി - പി.പി. വർഗ്ഗീസ് (9249141122), എറണാകുളം - ജെൽസൺ പി.ജെ. (9447233466), തൃശ്ശൂർ - ജോഷി മൈക്കിൾ (9961993342), പാലക്കാട് - ഷൺമുഖൻ (9387625095), മലപ്പുറം - വർഗ്ഗീസ് ഫീലിപ്പോസ് (9447844971), കോഴിക്കോട് - ജോർജ്ജ് മാത്യു (0495-2248861), വയനാട് - പി.എം. ടോമി (9447640347), കണ്ണൂർ - ഷാജി മാത്യു (9495103801), കാസർകോട് - കോളിൻസ് ടി. മാത്യു (9446516126)

*വിലാസം* - Robert Thomas, Ebenezer, Rubber Board P.O., Thalappady, Kottayam. Tel : 0481 - 2353853, Thomas John - 9447341237, Tenson Joseph - 9447414222, Vinu Mathew - 9496325317.

# ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? പ്രായോഗിക ജീവിതം ഏറ്റവും വിശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കിയിട്ടുണ്ട്. എന്നാൽ ഒരു പ്രധാന സംശയം ഈ വിഷയത്തില വശേഷിക്കുന്നു. രക്ഷിക്കപ്പെട്ട് വളരെ വിശുദ്ധമായി ജീവിച്ച് വിശുദ്ധിയെ തികയ്ക്കുന്നവർ മാത്രമായിരിക്കും കർത്താവിന്റെ മണവാട്ടി സഭയിലെ അംഗങ്ങളായി അംഗീകരിക്കപ്പെടുന്നത് എന്നു പറഞ്ഞാൽ അതു ശരിയാണോ?**

● അല്ല, നാം വിശുദ്ധ ജീവിതം നയിക്കുന്നത് കർത്താവിന്റെ മണവാട്ടി സഭയിലെ അംഗങ്ങളാകാനല്ല, അംഗങ്ങൾ ആയതുകൊണ്ടാണ്. നാം കർത്താവിന്റെ സഭയിലെ അംഗങ്ങളാകുന്നത് രക്ഷിക്കപ്പെടുന്നതു നിമിത്തമാണ്. “കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോട് ചേർത്തു കൊണ്ടിരുന്നു.” (അപ്പൊ. പ്രവൃ. 2:47). ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് സഭയോട് ചേർക്കുന്നത്. കർത്താവായ യേശു കാൽവരി ക്രൂശിൽ മരിച്ചത് എന്റെ പാപത്തിനായിട്ടാണെന്ന് വിശ്വസിച്ച് തന്റെ പാപാവസ്ഥ സമ്മതിച്ച് അനുതപിച്ച് ക്രിസ്തുവിനെ വിശ്വാസത്താൽ ഹൃദയത്തിൽ രക്ഷകനായി അംഗീകരിക്കുന്ന ഏതൊരു വ്യക്തിയും രക്ഷിക്കപ്പെട്ട് സഭയുടെ അംഗമായി തീരുന്നു. അതിന് നമ്മുടെ സ്വന്തമായ യാതൊരു നന്മ പ്രവർത്തിയോ, വിശുദ്ധിയോ ആധാരമല്ല. “കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിക്കാൻ പ്രവർത്തികളും കാരണമല്ല” (എഫെ. 2:8) അതുകൊണ്ട് വിശ്വാസം മൂലം രക്ഷിക്കപ്പെട്ട സകലരും സഭയുടെ അംഗങ്ങളാണ്.

വളരെ വിശുദ്ധമായി ജീവിച്ച് വിശുദ്ധിയെ തികച്ചവർ മാത്രമെ കർത്താവിന്റെ സഭയിലെ അംഗങ്ങളാകുകയെന്നും അവർ മാത്രമെ കർത്താവിന്റെ വരവിങ്കൽ എടുത്തുകൊള്ളപ്പെടുകയുള്ളൂ എന്നുള്ള ഉപദേശം വേദപുസ്തകത്തിലില്ല. രക്ഷിക്കപ്പെട്ട എല്ലാവരും ദൈവ സഭയുടെ അംഗങ്ങളായതിനാൽ അവരെല്ലാവരും കർത്താവിന്റെ വരവിൽ ചേർത്തുകൊള്ളപ്പെട്ടു. ദൈവസഭയുടെ അംഗങ്ങളായി തീരുക അഥവാ സ്വർഗ്ഗത്തിൽ പോവുക ഇതൊന്നും നാം എങ്ങനെ ജീവിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ സാധിക്കുന്ന കാര്യങ്ങളല്ല. കർത്താവിന്റെ വീണ്ടും വരവിനെ സംബന്ധിച്ചും, വിശ്വാസികൾ ചേർക്കപ്പെടുന്നതു സംബന്ധിച്ചും പൗലോസ് കൊരിന്തിലെ വിശ്വാസികളോടു “ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല. എന്നാൽ അന്ത്യകാഹള നാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും.” (കൊരിന്ത്യർ 15:52).

കൊരിന്തിലുള്ള വിശ്വാസികൾ ഈർഷ്യയും പിണക്കവും ഉള്ളവരും ജഡികരും ആണെന്ന് മൂന്നാം അദ്ധ്യായത്തിൽ പൗലോസ് പറയുന്നുണ്ട്. കർത്താവ് വരുമ്പോൾ നിങ്ങൾ എടുത്തു കൊള്ളപ്പെടുകയില്ല എന്നല്ല; പ്രത്യുത നാം എല്ലാവരും രൂപാന്തരപ്പെടും എന്നാണ് പറഞ്ഞിരിക്കുന്നത്. അനാത്മികരായിരുന്ന കൊരിന്ത്യരോട്, നിങ്ങൾ ആത്മീകരായില്ലെങ്കിൽ സഭയുടെ അംഗങ്ങളാവുകയില്ല എന്നോ നിങ്ങളുടെ രക്ഷ നഷ്ടപ്പെട്ടു പോകുമെന്നോ അപ്പോസ്തലൻ പറയുന്നില്ല. 1 തെസ്സലോനിക്യർ 4:16–ൽ പൗലോസ് പറയുമ്പോൾ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ശിക്ഷാവിധി നീങ്ങിപ്പോയവരാണ് ക്രിസ്തുവിൽ മരിച്ചവർ. “ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല”എന്നാണല്ലോ റോമർ 8:1 –ൽ പറയുന്നത് ക്രിസ്തുവിൽ മരിച്ച സകലരും വിശുദ്ധന്മാരായി ഉയിർക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽഎടുക്കപ്പെടും. ജീവനോടെ ശേഷിക്കുന്ന നമ്മിൽ ചിലർ എന്നല്ല പറഞ്ഞിരിക്കുന്നത്. ഇതു വളരെ വ്യക്തമാണ്. അപ്പോൾ ഒരു കാര്യം നാം മനസിലാക്കേണ്ടത് കർത്താവിന്റെ വരവിങ്കൽ എടുത്തു കൊള്ളപ്പെടുന്നതും സ്വർഗ്ഗത്തിൽ പോകുന്നതും ഒന്നും നാം എങ്ങനെ ജീവിച്ചു എന്നതിന്റെ അടിസ്ഥാനത്തിലല്ല. നാം രക്ഷിക്കപ്പെട്ട് ദൈവമക്കളായിത്തീർന്നവരാണോ എന്നതിന്റെ അടിസ്ഥാനത്തിലാണ്.

നാം വിശുദ്ധ ജീവിതം നയിക്കേണ്ടത് നാം രക്ഷിക്കപ്പെട്ട് ദൈവമക്കളായിത്തീർന്നതു കൊണ്ടാണ്. നമ്മെ വിളിച്ച് മക്കളാക്കിയ നമ്മുടെ കർത്താവിന്റെ വിശുദ്ധിക്കനുസരിച്ച് നമ്മുടെ ജീവിതവും വിശുദ്ധമായികൊണ്ടിരിക്കണം. “നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണയുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധനായാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ” (1 പത്രോസ് 1:15, 16) ദൈവ സഭയുടെ അംഗങ്ങളാകുവാനോ എടുത്തു കൊള്ളപ്പെടുവാനോ വേണ്ടി വിശുദ്ധരാകുവിൻ എന്നല്ല പ്രബോധനം. നമ്മെ ദൈവം വിശുദ്ധിക്കായി വിളിച്ചു വേർതിരിച്ചിരിക്കയാൽ നാം വിശുദ്ധരായിരിക്കണം.

*– ജോൺ കുര്യൻ, കോട്ടയം*

# വിവാഹവും ദൈവഹിതവും

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ തീരുമാനമാണല്ലോ വിവാഹം എന്നത്. രക്ഷിക്കപ്പെടാനുള്ള തീരുമാനമാണ് ഒന്നാമത്തേത്. വിവാഹം ഇത്രയേറെ പ്രാധാന്യമുള്ളതാണെങ്കിലും ദൈവഹിതം അന്വേഷിക്കാതെയും ലോകത്തിന്റെ മാനദണ്ഡങ്ങൾ മാത്രം നോക്കി തീരുമാനമെടുക്കുകയും ചെയ്യുന്നതു കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ നമുക്ക് അറിയാം. വിവാഹ ആലോചന വരുമ്പോൾ പ്രാർത്ഥിക്കയും ശരിയായ നിലയിൽ അന്വേഷിക്കയും വേണം. ആരെയും അറിയിക്കാതെ നടക്കേണ്ടിയതല്ല വിവാഹം. സ്ഥലം സഭയിൽ പറയുകയും വിവാഹപ്രായമായ യുവതീയുവാക്കൾക്കായി സഭ പ്രത്യേകം പ്രാർത്ഥിക്കയും വേണം. വിശ്വാസി വിശ്വാസിയെ മാത്രമേ വിവാഹം കഴിക്കാവൂ തുടങ്ങിയ പ്രാഥമിക നിബന്ധനകൾ കൂടാതെ വാസ്തവത്തിൽ ദൈവം വിവാഹ ജീവിതത്തെപ്പറ്റി എന്താണുദ്ദേശിക്കുന്നതെന്ന് ശരിയായ അറിവ് വിവാഹം കഴിക്കുന്നവർക്കും ഉണ്ടാകണം. ധൃതി പിടിച്ച് പെട്ടെന്ന് നടത്തപ്പെടുന്ന വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കരുത്. നേരത്തേ തന്നെ കുടുംബാംഗങ്ങളെയും യുവാവിനെയും യുവതിയേയും അറിയാമെങ്കിൽ പോലും പ്രാർത്ഥിച്ച് ദൈവഹിതം മനസ്സിലാക്കാൻ സമയം എടുക്കണം. ധൃതിപിടിച്ച് കല്യാണം കഴിച്ചിട്ട് സാവധാനം ദുഃഖിച്ചോളൂ എന്നൊരു പറച്ചിൽ ഉണ്ട്. ചിലർ വിചാരിക്കുന്നത് എല്ലാവരും അറിഞ്ഞാൽ കല്യാണം നടക്കാതെ പോകുമോ എന്നാണ്! ദൈവഹിതമാണെങ്കിൽ നടക്കും ഇല്ലെങ്കിൽ വേണ്ട എന്നു വയ്ക്കണം. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ഇന്ത്യയിൽ നിയമപരമായി കുറ്റകരമാണ്. അനേക യുവജനങ്ങൾക്ക് ഇക്കാര്യത്തിൽ ശരിയായ ഒരു നിലപാട് വന്നിട്ടുണ്ടെങ്കിലും ചില മാതാപിതാക്കൾക്ക് ഈ കാഴ്ചപ്പാടു ഇന്നേവരെ ലഭിച്ചിട്ടില്ല. മറ്റു ചിലർക്ക് സ്ത്രീധനം ചോദിച്ചില്ലെങ്കിലും യുവതിയുടെ ‘ശമ്പളം’ ആകർഷകമായ ഒന്നാണ്. വേദപുസ്തകം പഠിപ്പിക്കുന്നത് ഭർത്താവാണ് പോറ്റിപുലർത്തേണ്ടത് എന്നാണ്. കുടുംബത്തിന്റെ കാര്യങ്ങൾ മുടങ്ങാതെ സ്ത്രീകൾക്ക് ജോലിക്കു പോകാൻ കഴിയുമെങ്കിൽ അത് അവരവരുടെ സ്വാതന്ത്ര്യമാണ്. ഭർത്താവ് കുടുംബത്തിന്റെ ‘മാനേജരും’ ഭാര്യ ‘ഭവനം ചമെക്കുന്നവളും’ എന്നതാണ് ശരിയായ വേദപുസ്തക തത്വം. ആത്മീകമായി വളർന്നു എന്നു ചിന്തിക്കുമ്പോഴും മുകളിൽ പറഞ്ഞ കാഴ്ചപ്പാടില്ലാത്ത മാതാപിതാക്കൾ മക്കളെ വാസ്തവത്തിൽ കുഴപ്പത്തിലേക്കു തള്ളി വിടുകയാണ്. ദൈവഹിതത്തിലല്ലാതെ വിവാഹം കഴിച്ചിട്ട് പിന്നീട് വിവാഹമോചനം തുടങ്ങിയ വേദപുസ്തക വിപരീതമായ കാര്യങ്ങളിലേക്കും നീങ്ങുന്നു. ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരം ഉണ്ടാകണം.

അതിന് മാതാപിതാക്കൾക്കും വിവാഹപ്രായമായ മക്കൾക്കും ‘പ്രീമരൈറ്റൽ കൗൺസിലിംഗ്’ (വിവാഹത്തിനു മുമ്പ് വിവാഹം കഴിക്കുന്നവർക്ക് നൽകുന്ന ഉപദേശം) നൽകണം. മാതാപിതാക്കൾക്കും മക്കൾക്കും ഒരുമിച്ചും വെവ്വേറെയും ഇക്കാര്യത്തിൽ ഉപദേശം നൽകാൻ പ്രാപ്തരും ദൈവഭക്തരുമായവർ വേണം. ഇതൊരു പുതിയ കാര്യമൊന്നുമല്ല. അനവധി ക്രൈസ്തവ സഭകളും എന്തിനു പറയുന്നു എസ്.എൻ.ഡി.പി. തുടങ്ങിയ സംഘടനകൾ പോലും വിവാഹത്തിനു മുമ്പ് പ്രീമരൈറ്റൽ കൗൺസിലിംഗിൽ സംബന്ധിച്ചു എന്ന സർട്ടിഫിക്കറ്റ് വേണം എന്ന് നിബന്ധന വച്ചിട്ടുണ്ട്. അവരുടേതായ കാഴ്ചപ്പാടിലായിരിക്കും അതൊക്കെ. നമുക്ക് വചനത്തിൽ അടിസ്ഥാനപ്പെട്ടു ശരിയായ നിർദ്ദേശം നൽകാൻ കഴിയും. വിവാഹ ശുശ്രൂഷ നടത്തുന്ന സുവിശേഷകന്മാർ, മൂപ്പന്മാർ തുടങ്ങിയവരും സഭകളായും ഇക്കാര്യത്തിൽ മുൻകൈ എടുക്കണം. പ്രീമരൈറ്റൽ കൗൺസിലിംഗിൽ സംബന്ധിച്ചാലേ വിവാഹശുശ്രൂഷ നടത്തൂ എന്ന് ബന്ധപ്പെട്ടവർ നിബന്ധന വയ്ക്കുന്നതും നല്ലതാണ്. സാമ്പത്തിക നേട്ടത്തിനോ മറ്റോ ചെയ്യേണ്ട ഒരു പ്രൊഫഷണൽ കാര്യമല്ല ഇത്. ദൈവവചനാടിസ്ഥാനത്തിലുള്ള ശുശ്രൂഷയാണ് ഇതെന്ന ബോദ്ധ്യത്തോടെ ഇന്നത്തെ ദുരവസ്ഥയ്ക്കു പരിഹാരം ഒരളവുവരെ ഉണ്ടാകാൻ വള രെ പ്രാർത്ഥനയോടെ നമുക്ക് ഇക്കാര്യം ഗൗരവമായി ചിന്തിക്കാം.

*– എഡിറ്റർ ഇൻ ചാർജ്ജ്.*

## ചിൽഡ്രൻസ് ക്ലബ്ബ്





# മുത്തച്ഛൻ വീണേ!!

*പുരയിടത്തിലെ കൃഷി നോക്കി നടക്കുകയാണ് മുത്തച്ഛൻ. പുറകെ റിജു നടക്കുന്നുണ്ട്. പ്രായമേറെയുണ്ടെങ്കിലും മുത്തച്ഛൻ ഇങ്ങനെയാണ്. ചെറുപ്രായത്തിൽ നല്ല കൃഷിക്കാരനായിരുന്നെന്ന് ഡാഡി പറഞ്ഞു കേട്ടിട്ടുണ്ട്. റിജുവിനും മുത്തച്ഛന്റെ കൂടെ നടക്കുന്നത് വലിയ ഇഷ്ടമാണ്. കൃഷിയെക്കുറിച്ചുള്ള പുരാണങ്ങൾ കേൾക്കാം. പണ്ട് കൃഷിയിടത്തിൽ പന്നിയെ പിടിക്കാൻ ഉറക്കമൊഴിച്ചു കാത്തിരുന്നതും, പന്നിയാണെന്നു കരുതി വീട്ടിലെ തന്നെ പശുവിന്റെ പിന്നാലെ ഓടിയതും........ ഒത്തിരി കഥകൾ........*

*“അയ്യോ! ഈ പയറിന്റെ വള്ളി വളർന്ന് കയ്യാലപ്പുറത്തേക്ക് പോയല്ലോ” മുത്തച്ഛൻ പടർന്നു കിടക്കുന്ന പയർചെടിയെ നോക്കി പറഞ്ഞു. “ശരിയാ കഴിഞ്ഞ ആഴ്ച ഇത്രയും വളർന്നിട്ടില്ലായിരുന്നു” റിജു പറഞ്ഞു. “നല്ല വളക്കൂറുള്ള മണ്ണാ. അതുകൊണ്ടാണ് പെട്ടെന്ന് പടർന്നത്” ഇതു പറഞ്ഞു കൊണ്ട് മുത്തച്ഛൻ കയ്യാലപ്പുറത്തേക്ക് വലിഞ്ഞു നിന്ന് വള്ളിത്തല നേരെയാക്കുവാൻ ശ്രമിക്കുകയാണ്. പെട്ടെന്ന് മുത്തച്ഛൻ ചവിട്ടി നിന്നിരുന്ന കല്ല് ഇടിഞ്ഞ് നില തെറ്റി താഴോട്ടു വീണു. വീഴുന്നവഴിക്ക് തൊട്ടടുത്തു നിന്ന കപ്പത്തണ്ടിലാണ് മുത്തച്ഛന് പിടികിട്ടിയത്. റിജു നോക്കുമ്പോൾ മുത്തച്ഛനും കപ്പത്തണ്ടും കൂടെ ദാ കിടക്കുന്നു താഴെ. കയ്യിൽ കപ്പത്തണ്ടുമായി പയറിന്റെ വള്ളികളാൽ ചുറ്റിപിണഞ്ഞു കിടക്കുന്ന മുത്തച്ഛന്റെ കിടപ്പുകണ്ടപ്പോൾ റിജുവിന് ചിരിയടക്കാൻ കഴിഞ്ഞില്ല. ചിരിച്ചു കൊണ്ട് റിജു വിളിച്ചു കൂവി, “മുത്തച്ഛൻ വീണേ...” ശബ്ദം കേട്ട് മമ്മി ഓടി വന്നു. താഴെ കിടക്കുന്ന മുത്തച്ഛനെ പിടിച്ചെഴുന്നേൽപ്പിക്കുന്നതിനിടയിൽ മമ്മി റിജുവിനെ വഴക്കു പറഞ്ഞു. “മുത്തച്ഛൻ വീണതു കണ്ടിട്ട് എന്തിനാ ഇത്രയും ചിരിക്കുന്നത്” അതു കേട്ടിട്ടും റിജു ചിരി നിർത്തിയില്ല. അതുകണ്ടപ്പോൾ മമ്മി റിജുവിനോട് ദേഷ്യപ്പെട്ടു. “നിർത്ത്, മുതിർന്നവരെ ഇങ്ങനെ പരിഹസിക്കരുത്.” പെട്ടെന്ന് റിജു ചിരി നിർത്തി.*

*മുത്തച്ഛന്റെ കൈമുട്ട് പൊട്ടി. ദേഹമാസകലം പയറിന്റെ വള്ളി കൊണ്ട് ഉരഞ്ഞു. സന്ധ്യയായപ്പോൾ അനങ്ങാതെ ഇരിക്കുകയാണ് മുത്തച്ഛൻ. ഈ ഇരിപ്പു കണ്ടപ്പോൾ റിജുവിന് വീണ്ടും ചിരിവന്നു. റിന്റുവിനോട് പറഞ്ഞു. “പുലിപോലെ നടന്ന മുത്തച്ഛനായിരുന്നു, കണ്ടോ ഇരിക്കുന്നത്” റിന്റുവിനോട് നടന്നതെല്ലാം പറഞ്ഞപ്പോൾ അവളും റിജുവിനോട് ചേർന്ന് ചിരിക്കുവാൻ തുടങ്ങി.*

*രണ്ടുപേരുടെയും ചിരികേട്ട് മമ്മി ചോദിച്ചു “ങും! എന്താ ചിരിക്കുന്നത്?” “മുത്തച്ഛന്റെ കാര്യമോർത്തിട്ടാ.” റിജു പറഞ്ഞു. “റിജു ഞാൻ നേരത്തെ നിന്നോടു പറഞ്ഞു മുത്തച്ഛനെ പരിഹസിച്ച് ചിരിക്കരുതെന്ന്.” മമ്മി പറഞ്ഞു. “തമാശിനല്ലേ മമ്മി ഞങ്ങൾ ചിരിച്ചത്” റിന്റു പറഞ്ഞു. “ഇതു തമാശല്ല, പരിഹാസമാണ്. മുതിർന്നവരെ പരിഹസിക്കുന്നത് പാപമാണ്.” മമ്മി ഗൗരവത്തിലാണ് ഇതു പറഞ്ഞത്. “പണ്ട് യെരിഹോവിലെ ബേഥേലിൽ നാൽപത്തിരണ്ട് ബാലന്മാർ മൃഗീയമായി കൊല്ലപ്പെട്ടത് പ്രവാചകനായ ഏലീശയെ പരിഹസിച്ചതു കൊണ്ടാണ്.” മമ്മി വേദപുസ്തകമെടുത്ത് രണ്ട് രാജക്കന്മാർ 2–ാം അദ്ധ്യായം 23 മുതൽ 25വരെ വാക്യം വായിപ്പിച്ചു കേൾപ്പിച്ചു. പ്രവാചകനെ പരിഹസിച്ച ബാലന്മാരെ രണ്ട് പെൺകരടികൾ കടിച്ചു കീറി കൊന്നു കളഞ്ഞ സംഭവം കേട്ടപ്പോൾ റിജുവിനും, റിന്റുവിനും ഭയമായി. “പരിഹസിച്ചാൽ ദൈവം ഇത്രയും വലിയ ശിക്ഷ നൽകുമോ?” റിന്റുവിന്റെ ചോദ്യം കേട്ട് മമ്മി അവളെ ചേർത്തു പിടിച്ചു പറഞ്ഞു. “പരിഹാസം മാത്രമല്ല, ഏതു പാപവും ദൈവസന്നിധിയിൽ ഒരു പോലെയാണെന്നും, പാപത്തിന്റെ ശിക്ഷ ഭയങ്കരമാണെന്നും മനുഷ്യരെ ബോധ്യപ്പെടുത്തുവാനാണ് വേദപുസ്തകത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. മമ്മി പറഞ്ഞു നിർത്തി.*

***കൂട്ടുകാരെ നിങ്ങൾ?***

*മുതിർന്നവരെ പരിഹസിക്കരുത്, കൂട്ടുകാരെ അവർക്കില്ലാത്ത പേരുകൾ വിളിക്കരുത്, വൈകല്യമുള്ളവരെ കളിയാക്കരുത്. അങ്ങനെ ചെയ്താൽ അത് പാപമാണ്. അങ്ങനെ ആരോടെങ്കിലും പെരുമാറിയിട്ടുണ്ടെങ്കിൽ അവരോടും, ദൈവത്തോടും ക്ഷമ ചോദിക്കുക.*

**മനഃപാഠവാക്യം**

സങ്കീർത്തനങ്ങൾ 1:1, 2

*ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.* സങ്കീർത്തനങ്ങൾ – 1 : 1, 2.

***– ബെൻസിക് മിരാന്റാ,***
*തിരുവനന്തപുരം*

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),**
**ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),**
**ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷണൽ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

ആരോഗ്യ രംഗം

# ഭക്ഷണരീതിയും കൊളസ്ട്രോളും

ആധുനിക ജീവിതം ആവശ്യപ്പെടുന്ന വേഗതയും സൗകര്യവും സംസ്കാരവും, മറ്റൊന്നും ആലോചിക്കാതെ തന്നെ നാം രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുന്നു. ഇപ്പോൾ, ഭക്ഷണവും "ലൈഫ് സ്റ്റൈലിന്റെ" ഭാഗമായി കാണുന്ന നമ്മൾ അപകടകാരികളായ കൊഴുപ്പുകളും നിറങ്ങളും മറ്റും ധാരാളമടങ്ങിയ 'ഫാസ്റ്റ്ഫുഡ് മെനു'വിൽ കുടുങ്ങി കിടക്കുകയാണ്. എല്ലാവിധ ദൂഷ്യവശങ്ങളും അറിഞ്ഞുകൊണ്ടുതന്നെയാണ് വിദ്യാസമ്പന്നരും, ആരോഗ്യകാര്യത്തിൽ വേണ്ടത്ര അറിവുമുള്ള ഭൂരിഭാഗം മലയാളികളും ഫാസ്റ്റ് ഫുഡിനെ ആശ്രയിക്കുന്നു എന്നു വിചിത്രമായ വസ്തുത. ഭാവിയിൽ ഫാസ്റ്റിങ്ങും ഡയറ്റും എടുത്ത് അനാരോഗ്യകരമായ കൊഴുപ്പുകളും മറ്റും വേഗത്തിൽ കുറയ്ക്കാമെന്ന മിഥ്യാധാരണയിലാണ് ഫാസ്റ്റ് ഫുഡടക്കമുള്ള കൊഴുപ്പേറിയ ആഹാരവസ്തുക്കൾ നാം കഴിക്കുന്നത്. എന്നാൽ കൊഴുപ്പുകൾ വന്നിട്ട് കുറയ്ക്കാമെന്നതിനെക്കാൾ ശരിയായ നിയന്ത്രണവും അതിനെക്കുറിച്ചുള്ള അറിവും നമുക്കുണ്ടായിരിക്കേണ്ടതാണ്.

Lipid Fat അഥവാ രക്തത്തിലുള്ള കൊഴുപ്പിനെയാണ് കൊളസ്ട്രോൾ എന്നു പറയുന്നത്. മിതമായ ഈ കൊഴുപ്പ് ആന്തരീക അവയവങ്ങളുടെ പ്രവർത്തനത്തിൽ ആവശ്യമാണ്. എന്നാൽ അമിതമായാൽ അത് ഹൃദ്രോഗത്തിനും, ഹൃദയ സ്തംഭനത്തിനും വഴി ഒരുക്കും. രക്തത്തിലെ കൊഴുപ്പിൽ മൂന്ന് ഘടകങ്ങളുണ്ട്.

1. HDL (High Density Lipo Protiens)
2. LDL (Low Density Lipo Protiens)
3. Triglyceride

ഇതിൽ HDL ഒഴിച്ചുള്ള ഘടകങ്ങൾ ദോഷമുള്ളവയാണ്. കൊളസ്ട്രോൾ പ്രത്യക്ഷത്തിൽ മനസിലാക്കുവാൻ സാധിക്കില്ല. എന്നാൽ ചിലരുടെ കണ്ണിനു ചുറ്റും തടിപ്പ് കാണപ്പെടാറുണ്ട്. ചിലർക്ക് ക്ഷീണം, ശ്വാസതടസ്സം എന്നിവയുണ്ടാകും. രക്ത പരിശോധനയിലൂടെയാണ് സാധാരണ നിലയിൽ കൊളസ്ട്രോളിന്റെ, അളവ് കണ്ടെത്തുന്നത്.

അമിതവണ്ണമുള്ളവർ, പ്രമേഹ രോഗികൾ, അമിത രക്തസമ്മർദ്ദമുള്ളവർ, തൈറോഡ് ഗ്രന്ഥികൾ ശരിയായി പ്രവർത്തിക്കാത്തവർ നിർബന്ധമായും കൊളസ്ട്രോൾ പരിശോധന നടത്തിയിരിക്കണം.



40 വയസ് പൂർത്തീകരിച്ചവരും ഈ പരിശോധനയ്ക്ക് വിധേയരാകുന്നത് നല്ലതാണ്. ഒരാളുടെ രക്തത്തിൽ HDL 30-50, LDL < 130, Triglyceride < 140 എന്നീ അളവുകളിൽ ഉണ്ടായിരിക്കുന്നതാണ് ഉത്തമം.

കൂടുതലുള്ള കൊഴുപ്പിന്റെ തോത് നിയന്ത്രിക്കാൻ കൊഴുപ്പു കൂടിയ ഭക്ഷണം നിയന്ത്രിക്കുക. വ്യായാമം ചെയ്യുക, ഡോക്ടറുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുക എന്നിവ ചെയ്യേണ്ടതാണ്.

രക്തത്തിലെ കൊഴുപ്പും നാം കഴിക്കുന്ന ഭക്ഷണത്തിലെ കൊഴുപ്പും തമ്മിൽ വളരെ ബന്ധമുണ്ട്. ഭക്ഷണത്തിലെ കൊഴുപ്പിനെ രണ്ടായിട്ട് തിരിക്കാം. ആരോഗ്യകരമായ കൊഴുപ്പ് (Healthy Fat) ഹാനീകരമായ കൊഴുപ്പ് (Un Healthy Fat). ആരോഗ്യകരമായ കൊഴുപ്പ് വളരെ പെട്ടെന്ന് കട്ടിയാകാറില്ല. ശീതികരിച്ചാൽ മാത്രമെ അവയിൽ ചിലത് കട്ടിയാകുകയുള്ളൂ. ഹാനീകരമായ കൊഴുപ്പ് മുറിയിലെ അന്തരീക്ഷത്തിൽ തന്നെ, കട്ടിയാക്കും എന്ന അപകടകരമായ സ്ഥിതിയിലുള്ളവയാണ്. ഭക്ഷ്യ എണ്ണകളിൽ ഒലീവ് എണ്ണ, നല്ലെണ്ണ, കടലയെണ്ണ തുടങ്ങിയ അപകടകാരികളല്ല. എന്നാൽ വെണ്ണ, കൊഴുപ്പേറിയ പാൽ, പാംഓയിൽ, മാംസ ഭക്ഷണം, ഡാൾഡ, ബേക്കറി ആഹാരങ്ങൾ (Pufs, Cakes, Cookies) എന്നിവയും പെട്ടെന്ന് കട്ടിയാക്കും എന്നുള്ളതു കൊണ്ട് നമ്മുടെ സ്വന്തം വെള്ളിച്ചണ്ണയും ഹാനീകരമാണ്.

അമിത കൊളസ്ട്രോളിനെ നിയന്ത്രിക്കാൻ നാം നിത്യേന കഴിക്കുന്ന ആഹാരത്തിലെ പോഷകങ്ങളെക്കുറിച്ചും, അതിന്റെ പോരായ്മകളെ കുറിച്ചും, അപടകത്തെക്കുറിച്ചും, അവബോധമുള്ളവരായിരിക്കണം. ശരാശരി ഒരാൾ ഒരു ദിവസം കഴിക്കുന്ന ആഹാരത്തിൽ പോഷകത്തിന്റെ അളവ് 1800 കലോറിയാണ്. (60 gm) അതിൽ 30 ശതമാനം കൊഴുപ്പ് ആകാം. ഇതിൽ 10%മെ ഹാനീകരമായ കൊഴുപ്പ് ആകാവൂ.

അളന്നു മുറിച്ച് ഭക്ഷണം കഴിക്കുവാൻ നമ്മുക്കാവില്ലെങ്കിലും രുചികരമായ ഭക്ഷണം കഴിക്കുമ്പോൾ തന്നെ അതിന്റെ അപകടങ്ങളും മനസിലാക്കി ശരിയായ നിയന്ത്രണം ഏർപ്പെടുത്താമെങ്കിൽ ഭാവിയിൽ ആരോഗ്യകരമായ ജീവിതം നയിക്കുവാൻ നമുക്കാവും.

*- ഡോ. സൂസൻ വിൽസൻ, എറണാകുളം.*

YOUTH GUIDE

# പ്രലോഭനങ്ങളെ അതിജീവിക്കുന്നതെങ്ങനെ?

രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രലോഭനങ്ങളുണ്ടാകുമോ? എങ്കിൽ അവയെ എങ്ങനെ അതിജീവിക്കാം? പലപ്പോഴും യുവഹൃദയങ്ങളിൽ ഉയരാറുള്ള ഒരു ചോദ്യമാണിത്.

ആരുടെ ജീവിതത്തിലും പ്രലോഭനങ്ങളുണ്ടാവാം. എന്നാൽ ഒരു ദൈവപൈതൽ അതിനെ അതിജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നമ്മേപ്പോലെ തന്നെ എല്ലാവരും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണിത്. "മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല....." (1. കൊരി. 10:13). പ്രലോഭനങ്ങളെ ഇല്ലാതാക്കുവാൻ നമുക്ക് കഴിയില്ല. എന്നാൽ അതിന് കീഴടങ്ങാതിരിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ തലക്ക് മുകളിൽ നീലാകാശത്ത് പറക്കുന്ന പക്ഷിയെ ഒഴിവാക്കാൻ നമുക്ക് സാധിക്കയില്ല. എന്നാൽ ഒരു കിളി വന്ന് തലയിൽ കൂടുകൂട്ടുന്നത് ഒഴിവാക്കാൻ കഴിയും. പ്രലോഭനങ്ങൾ എവിടെ നിന്നു വരുന്നു. തീർച്ചയായും അവ ദൈവത്തിൽ നിന്നല്ല. "ദൈവം ദോഷങ്ങളാൽ പരീ ക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെ യും പരീക്ഷിക്കുന്നതുമില്ല." യാക്കോബ് 1-13, പിന്നെയാരാണ്? സാത്താൻ തന്നെ. ഇയ്യോബിനെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചു. ദൈവം അനുവദിച്ച നിയന്ത്രണങ്ങളിൽ നിന്നു മാത്രം. "ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെവിഴുങ്ങേണ്ടു എന്ന് തിരിഞ്ഞ് ചുറ്റി നടക്കുന്നു". 1. പത്രോ. 5:8.

> **നമ്മുടെ തലക്ക് മുകളിൽ നീലാകാശത്ത് പറക്കുന്ന പക്ഷിയെ ഒഴിവാക്കാൻ നമുക്ക് സാധിക്കയില്ല. എന്നാൽ ഒരു കിളി വന്ന് തലയിൽ കൂടു കൂട്ടുന്നത് ഒഴിവാക്കാൻ കഴിയും.**

### നാം എങ്ങനെ പ്രലോഭനത്തിൽ അകപ്പെടുന്നു?

"ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു". യാക്കോബ് 1:14. തെറ്റായ ചിന്തകളെ മനസിൽ താലോലിക്കുക, അരുതാത്ത കാഴ്ചകൾ കാണുക, പാപസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോകുക, ജഡമോഹങ്ങൾക്കനുസരിച്ച് തീരുമാനങ്ങൾ എടുക്കുക... ഇങ്ങനെ പ്രലോഭനങ്ങളിൽ പതിക്കുവാൻ സ്വയം ഒരുക്കുന്ന വഴികൾ ഏറെയാണ്.

### എങ്കിൽ എങ്ങനെ പ്രലോഭനങ്ങളെ അതിജീവിക്കാം?

**1. വചനത്താൽ –** യേശു താനും സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ വചനത്താൽ നേരിട്ടു. "...... എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്ന് പറഞ്ഞു" മത്തായി 4:1-11. ദൈവവചനത്തിൽ മുമ്പിൽ സാത്താൻ പരാജയപ്പെട്ട് പിൻമാറുന്നു. നാമും പതിവായി ശാന്തസമയപ്പെടുക്കുക. വചനവായനയാലും, ധ്യാനത്താലും മനസ്സിനെ പുതുക്കി രൂപാന്തരപ്പെടുത്തുക.

**2. ചിന്തയെ നിയന്ത്രിക്കുന്നതിനാൽ –** "ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് ചിന്തിപ്പിൻ." കൊലോ. 3:12. നമ്മുടെ ചിന്താലോകത്തെ പാപപ്രലോഭനങ്ങളോടെതിർത്തു നിൽക്കുംവിധം രൂപപ്പെടുത്തുക. തെറ്റിപ്പോകാൻ സാധ്യതയുള്ള മേഖലകളിൽ നിന്നും മനപ്പൂർവ്വം ഒഴിഞ്ഞ് നിൽക്കുക. "ദുഷ്ടന്മാരുടെ ആലോചനപ്രകാരം...... ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" സങ്കീ. 1: 1-3.

**3. പ്രാർത്ഥനയാൽ –** "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. ആത്മാവ് ഒരുക്കമുള്ളത്. ജഡമോ ബലഹീനമത്രേ." മത്താ. 26:41. പ്രലോഭനങ്ങളിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കണം. പ്രാർത്ഥനയിൽ ശക്തി നേടാം. കാരണം ജഡം ബലഹീനമല്ലോ.

*- റ്റിജെ., തിരുവനന്തപുരം*

കുടുംബ വേദി

# നല്ലത് ചീത്തയായാൽ

ഏറ്റവും നല്ലത് ചീത്തയായാൽ അത് വളരെ മോശമായിരിക്കും. ഉദാഹരണത്തിന് രുചികരമായ ആഹാരവസ്തുക്കളെ തന്നെ എടുക്കാം. ആവി പറക്കുന്ന ആഹാരം നന്നായി അലങ്കരിച്ചു വെച്ചിരിക്കുന്നതു കാണുമ്പോൾ തന്നെ നാം അതിനെ ആഗ്രഹിച്ചു പോകും. എന്നാൽ ആ ഭക്ഷ്യവസ്തു രണ്ടു ദിവസം പഴകിയാലോ? മനുഷ്യൻ ഇത്രയും വെറുക്കുന്ന വേറൊന്ന് ലോകത്തിലുണ്ടാവുകയില്ല.

ഇതുപോലെയാണ് കുടുംബം. ദൈവം വിഭാവനം ചെയ്ത കുടുംബം വളരെ മനോഹരമാണ്. മനോഹരമായി ഇരിക്കേണ്ട കുടുംബം എന്ന സ്ഥാപനം മോശമായാൽ മുൻപ് പറഞ്ഞ ആഹാര വസ്തുവിനെ പോലെയാകും. കുടുംബം എന്നത് മനുഷ്യന്റെ ബുദ്ധിയിൽ ഉദിച്ച ആശയമല്ല. ഉൽപ്പത്തി 1 : 28-ൽ നാം കാണുന്നത് ദൈവം കുടുംബത്തിന് അടിസ്ഥാനമിട്ടതായിട്ടാണ്. ഇത് ദൈവത്തിന്റെ ആശയമായതു കൊണ്ടു തന്നെ കുടുംബം എന്നത് മാനവരാശിയുടെ നിലനിൽപ്പിന്റെ അടിസ്ഥാനമായി മാറി. കുടുംബങ്ങളാണ് സഭയെയും, സമൂഹത്തെയും രൂപപ്പെടുത്തുന്നത്. അതുകൊണ്ട് കുടുംബ ബന്ധങ്ങൾ ശക്തിപ്പെട്ടു നിൽക്കേണ്ടത് മാനവരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഒരു കുടുംബത്തിലെ പ്രഥമവും, പ്രധാനവും ഭാര്യഭർതൃ ബന്ധമാണ്. ഈ ബന്ധം എത്രമാത്രം ദൃഢമായിരിക്കുന്നുവോ അത്രമാത്രം ദൃഢമായിരിക്കും കുടുംബ ഭദ്രതയും.

എന്നാൽ ദൈവ സ്ഥാപിതമായ കുടുംബത്തിന്റെ ശക്തിയിൽ വിള്ളലുണ്ടാക്കാൻ ആദി മുതൽക്കേ സാത്താൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. (ഉൽപ്പത്തി. 3:1-5) ഇന്നും കുടുംബത്തിലെ മറ്റ് അംഗങ്ങൾ തമ്മിലുള്ളതിനെക്കാൾ പ്രശ്നങ്ങൾ ഭാര്യഭർതൃ ബന്ധത്തിലാണ് നടക്കുന്നത്. ഈ തന്ത്രങ്ങളെ നാം തിരിച്ചറിയണം. ദൈവത്തിൽ നിന്നുള്ള അകൽച്ച ഭാര്യഭർതൃ ബന്ധത്തിലും ഉണ്ടാകും. ഈ ബന്ധത്തിന് വിള്ളലുണ്ടാകാതിരിക്കുവാനുള്ള ഏക വഴി ദൈവവുമായി ഭാര്യഭർത്താക്കന്മാർ അടുത്തിരിക്കുക എന്നതാണ് എന്നു പറഞ്ഞാൽ ദൈവസാന്നിധ്യമാണ് ഒരു കുടുംബത്തിന്റെ ശക്തി കേന്ദ്രം. ദൈവത്തിൽ നിന്ന് പ്രവഹിക്കുന്ന ശക്തിയാണ് കുടുംബത്തെ നില നിർത്തുന്നത്.

ഇതിൽ നിന്നും നാം മനസിലാക്കേണ്ട ഒരു സത്യം മാനവരാശിയുടെ നിലനിൽപ്പിനു വേണ്ടി കുടുംബാംഗമെന്ന നിലയിലുള്ള നമ്മുടെ കടമയാണ്. ദൈവം സ്ഥാപിച്ച കുടുംബം ഏറ്റവും മനോഹരമായി കാത്തു സൂക്ഷിക്കണം. കുടുംബത്തിന്റെ പ്രാധാന്യവും ഒരിക്കലും വിസ്മരിക്കുവാൻ പാടില്ല. മനോഹരമായത് മോശമാക്കുവാനും പാടില്ല.

*(അങ്കമാലിയിൽ നടന്ന ഫാമിലി കോൺഫറൻസിൽ സഹോ. ജോൺ കുര്യൻ നൽകിയ സന്ദേശത്തിൽ നിന്നും).*

## ഫാമിലി ലൈഫ് കോൺഫറൻസ്



*ഫാമിലി ലൈഫ് കോൺഫറൻസിൽ പങ്കെടുത്തവർ*

ജനുവരി 30, 31 ഫെബ്രുവരി 1 തീയതികളിൽ അങ്കമാലി അസിസ്സി ശാന്തി കേന്ദ്രയിൽ വെച്ച് ഫാമിലി ലൈഫ് കോൺഫറൻസ് നടന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 27 കുടുംബങ്ങൾ പങ്കെടുത്തു.

കുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുടുംബത്തിന്റെ പ്രാധാന്യം നാം ശരിയായി മനസിലാക്കണമെന്ന പ്രാരംഭ സന്ദേശം നൽകിയ സഹോദരൻ ജോൺ കുര്യൻ പറഞ്ഞു.

സഹോദരന്മാരായ വർഗ്ഗീസ് ചാക്കോ, സ്റ്റാൻലി ജോൺസ് എന്നിവരും ക്ലാസുകൾ എടുത്തു. കുട്ടികൾക്കു വേണ്ടി പ്രത്യേക പ്രോഗ്രാം സഹോദരി ഷീബ ജോണിന്റെ നേതൃത്വത്തിൽ നടന്നു. 31ന് രാത്രി കുട്ടികൾ അവതരിപ്പിച്ച "റ്റാലന്റ് നൈറ്റ്" വേറിട്ട ഒരനുഭവമായിരുന്നു.

## വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാനുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 900 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5'2' ഉയരം. M.A. പ്രൈവറ്റ് കോളജിൽ ലക്ച്ചറർ.

### WANTED BRIDE

**RM No : 901 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'8" ഉയരം. X-Ray Welder ഗൾഫിൽ ജോലി അവധിക്ക നാട്ടിൽ വന്നിരിക്കുന്നു.

**RM No : 902 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'6" ഉയരം. B.Sc., Electronics, MCA, Software Engineer.

**RM No : 903 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'9" ഉയരം. M.Sc. M.Ed. അദ്ധ്യാപകൻ.

**RM No : 904 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 24 വയസ്സ് 5'6" ഉയരം. സുവിശേഷകൻ.

**RM No : 905 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'3" ഉയരം. M.B.A. സുവിശേഷകൻ.

**RM No : 906 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'3"ഉയരം. I.T.I. സ്വകാര്യ കമ്പനിയിൽ ജോലി.

**RM No : 907 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'8"ഉയരം. Printing Technology.

**RM No : 908 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 32 വയസ്സ് 5'6"ഉയരം. Nurse (Regd.) കാനഡയിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പരിൽ ബന്ധപ്പെടുക.

### വിമൻസ് ബൈബിൾ ക്യാമ്പ് 2009

തൃശൂർ സീയോൻ സഭയുടെ ആഭിമുഖ്യത്തിൽ സഹോദരിമാർക്കുള്ള ക്യാമ്പ് ഏപ്രിൽ 20 തിങ്കൾ 3.30 മുതൽ 24 വെള്ളി 3.30വരെ നടക്കുന്നു. 14 വയസ്സു മുതലുള്ള സഹോദരിമാർക്ക് പങ്കെടുക്കാം. വർഗീസ് ജോൺ തിരുവനന്തപുരം, ഡോ. ഷേർലി പണിക്കർ (പെരുമ്പാവൂർ) എന്നിവർ വചനം ശുശ്രൂഷിക്കും. – ക്യാമ്പിനു വേണ്ടി – മറിയാമ്മ ജെയിംസ്

### സണ്ടേസ്കൂൾ വാർഷികം

ചുമത്ര ബ്രദ്റൻ സഭാ സണ്ടേസ്കൂളിന്റെ ചിൽഡ്രൻസ് ക്ലബ്ബിന്റെയും സംയുക്ത വാർഷികം. ഫെബ്രുവരി 1ന് സഭാഹാളിൽ നടന്നു. സുവിശേഷകൻ ബിനു സാമുവൽ മുഖ്യാതിഥിയായിരുന്നു. കുട്ടികളുടെ വിവിധ പരിപാടികളുടെ ഉണ്ടായിരുന്നു.

### പുതിയ സ്ഥലം സഭാ രൂപീകരണം

തമിഴ്നാട്ടിൽ, കന്യകുമാരി ജില്ലയിൽ, വിളവങ്കോട് താലൂക്കിൽ കന്നുമാമൂട് എന്ന സ്ഥലത്ത് ദൈവകൃപയാൽ 2009 ജനുവരി 10–ാം തീയതി ഒരു സ്നാന ശുശ്രൂഷയോടു കൂടി 11–ാം തീയതി ഞായറാഴ്ച 10 മണിക്ക് പുതിയ നിയമ സഭാ ഉപദേശ മാതൃകയിൽ ഒരു സ്ഥലം സഭാ കൂടി വരവ് ആരംഭിച്ചു.

ഈ ശുശ്രൂഷകളിൽ അയൽ സ്ഥലം സഭകളിലെ സഹോദരന്മാർ സഹകരിച്ചു. 10, 11 തീയതികളിൽ നടന്ന വിശേഷാൽ ശുശ്രൂഷകൾക്ക് സുവി. തോമസ് കുര്യൻ, വി.എം. ജോർജ്, സുവി. സി.കെ. ലോറൻസ് എന്നിവർ നേതൃത്വം നൽകി. ഈ സ്ഥലം സഭയിൽ 12 വീടുകളിൽ നിന്നുള്ളവർ കൂടി വരുന്നു. അതിൽ 18 പേർ കർത്തൃമേശയോടു കൂടി കർത്താവിനെ ആരാധിക്കുന്നു. താല്ക്കാലികമായി ഒരു വീട്ടിൽ വച്ചാണ് ഈ ശ്രുശൂഷകൾ നടന്നുവരുന്നത്. സഭയുടെ സാമ്പത്തീക ആവശ്യങ്ങൾ ക്കായി ഒരു ജോയിന്റ് അക്കൗണ്ട് കന്നുമാമൂട് എസ്.ബി.റ്റി.-യിൽ തുടങ്ങിയിട്ടുണ്ട്. അക്കൗണ്ട് നമ്പർ 67077306908.

ഈ സ്ഥലത്ത് സുവി. എം. ധർമ്മരാജ് കുടുംബമായി ഒരു വാടക വീട്ടിൽ താമസിച്ചു കർത്തൃവേല ചെയ്തു വരുന്നു. സുവിശേഷകന്റെ മേൽവിലാസം – Evg. M. Dharma Raj, Kavuvila Veedu, Puravoor, Kannumamoodu P.O., K.K. Dist. Tamil Nadu, Pin - 629 170.

### കൺവെൻഷൻ

മാവേലിക്കര – വരയെനിക്കൽ സഭയുടെ ആഭിമുഖ്യത്തിൽ രണ്ടു സ്ഥലങ്ങളിൽ കൺവെൻഷൻ നടക്കുന്നു. ഏപ്രിൽ 1 മുതൽ 3 വരെ ചൂരല്ലൂർ കുറുത്തിക്കാട് ജംഗ്ഷനു സമീപത്തും 4 മുതൽ 5 വരെ വരയെനിക്കൽ അംബേദ്ക്കർ ജംഗ്ഷനു സമീപത്തും നടക്കുന്നു. ആ ദിവസങ്ങളിൽ തന്നെ വി.ബി. എസും നടക്കും.

### ചുമത്ര ബ്രദ്റൻ സഭ

തിരുവല്ലായിലും പരിസരങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ആത്മീയ കൂടിവരവിനും കൗൺസിലിംഗിനും ചുമത്ര ബ്രദ്റൻ സഭ. ഞായർ – ആരാധനയും കർത്തൃമേശയും 8.45am, യൂത്ത് മീറ്റിംഗ് 11am. Tel - 0469 - 2601532.

### പ്രാർത്ഥനയ്ക്ക്

സുവി. കെ.എം. ജോൺ (തളിപ്പറമ്പ്) കിഡ്നി സംബന്ധമായ അസുഖത്താൽ പ്രയാസപ്പെടുന്നു. ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

## നമുക്കു ചുറ്റും

### ശിഷ്യത്വപരിശീലന ക്യാമ്പ്

മെയ് 20 മുതൽ 29 വരെ തിരുവല്ല ചുമത്ര ബ്രദ്റൻ സഭാ ഹാളിൽ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും – ബെഞ്ചമിൻ ജോസഫ് – 0469 – 2601532, 9947451375.

### സുവിശേഷ വയലിൽ

മുരണി – പാടിമൺ സഭയിൽ നിന്നും കർത്താവിന്റെ വേലയ്ക്കായി വേർതിരിഞ്ഞ സഹോദരൻ ബിജു. സി. ജോൺ കഴിഞ്ഞ ഒരു വർഷമായി പാലക്കാട് – നെന്മാറയിൽ പ്രവർത്തിക്കുന്നു. വിലാസം – Biju C. John, Thiruthanpadam, Pothundy P.O, Nenmara, Palakkad - 678508. Tel : 9495016682.

### കുട്ടികളെ സ്പോൺസർ ചെയ്യാം

ചത്തീസ്ഗഡിലെ ഇർപ്പനാർ ജീവൻ ജ്യോതി സ്കൂൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിന് ഒരു കുട്ടിക്ക് 10,000 രൂപ വർഷംതോറും ചെലവു വരും. ആത്മീയ കാര്യങ്ങൾ പഠിപ്പിക്കാൻ ഇതു നല്ല അവസരമാണ്. കൂടാതെ കുറെനാർ ഗ്രാമത്തിലെ കുട്ടികൾക്കായി ഒരു ഡേ കെയർ പ്രോഗ്രാം തുടങ്ങാനും പദ്ധതിയുണ്ട്. രാവിലെ പ്രഭാതഭക്ഷണം, ട്യൂഷൻ, ആത്മീയ ഉപദേശങ്ങൾ ഇവ നൽകി കുട്ടികളെ സ്കൂളിൽ വിടുക, പിന്നീട് ക്ലാസ്സ് കഴിഞ്ഞ് മടങ്ങി വന്നും ഭക്ഷണം നൽകി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി മടക്കി അയക്കുക. ഇതാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു മാസം ഒരു കുട്ടിക്ക് 550 രൂപ ചെലവ് വരും. മുകളിൽ പറഞ്ഞ നിലയിൽ കുട്ടികളെ സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ, Thomas Joseph (Lancy), Kurenar, Bande P.O., Kanker Dist., Chattisgarh 49477. Tel - 09406010360, 9406357400 എന്ന വിലാസത്തിൽ അറിയിക്കുക.

## പ്രത്യേക പ്രാർത്ഥനയ്ക്ക്

നാഗാലാന്റിലെ ഭീമാപൂരിൽ വേല ചെയ്യുന്ന സഹോദരൻ സായൺ പാണി സെറിബ്രൽ റ്റി.ബി. ബാധിതനായി ജനുവരി 27ന് ഭീമാപൂരിലെ ക്രിസ്ത്യൻ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. എന്നാൽ അവിടെ നിന്ന് ഗോഹട്ടിയിലെ ജി.എൻ.ഐ.സി. ഹോസ്പിറ്റലിലേക്ക് മാറ്റി. തലച്ചോറിന് രോഗം ബാധിച്ചു കഴിഞ്ഞെന്നാണ് ഡോക്ടർമാർ പറയുന്നത്.അബോധാവസ്ഥയിൽ ആയിരുന്ന സഹോദരൻ ഇപ്പോൾ ഇരുന്ന് ചെറുതായി ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഓർമ്മക്കുറവും നടക്കുവാനുള്ള ബുദ്ധിമുട്ടും തനിക്കുണ്ട്. തുടർന്നുള്ള ചികിത്സയ്ക്കായി ഉടനെ വെല്ലൂരിലേക്ക് മാറ്റുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. ഒറീസ്സയിലെ സാംബൽപൂരിൽ പ്രവർത്തിക്കുന്ന സുവി. അനുസരണപാണി സഹോദരനാണ്. ഭാര്യയും ഒരു കുഞ്ഞുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അനുസരണ പാണി – 09437736561.




പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ് സിലബസ്സ് പ്രസിദ്ധീകരിച്ചു ചൈൽഡ് ഇവാൻജലിസം മിനിസ്ട്രിയുടെ

എലീശായോടൊപ്പം

5 DAY VBS

അവധിക്കാലം കുട്ടികൾക്ക് ആഘോഷിക്കുവാൻ

❖ പുത്തൻ പാട്ടുകൾ ❖ പുത്തൻ കഥകൾ
❖ പുത്തൻ ഗെയിംസ് ❖ എല്ലാം പുതിയത്

പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യനിരക്കിൽ

സഭകളായും വ്യക്തികളായും വി.ബി.എസ് സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം.
**CEM**, PO Box-4, Kuttapuzha, Tiruvalla 689103, Tel. 0469-2601532, 2701165, 9447360417, 9496264838, 9947451375

ADVT


## പ്രയർ കലണ്ടർ മാർച്ച് 2009

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്വേ, എറണാകുളം 682 031.

| | | | | |
|---|---|---|---|---|
| **ഞായർ** – സ്ഥലം സഭയ്ക്കു വേണ്ടി | **1** നമ്മുടെ സ്ഥലം സഭകൾ സുവിശേഷ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ, നിങ്ങളുടെ സഭയിൽ നിന്നും എത്രപേർ വേലയ്ക്കായി പോയിട്ടുണ്ട്. അവരുടെ പേരു പറഞ്ഞ് കുടുംബാംഗങ്ങൾക്കായി. അവരുടെ പ്രവർത്തനസ്ഥലം സന്ദർശിച്ച് പ്രാർത്ഥിക്കാൻ, പ്രോത്സാഹിപ്പിക്കാൻ. ആരും പോയിട്ടില്ലെങ്കിൽ പോകാൻ. സഭയിൽ മിഷണറി മീറ്റിംഗ് നടക്കാൻ. | **8** സ്ഥലം സഭയുടെ വിവിധ മീറ്റിംഗുകൾക്കായി. യുവജനങ്ങൾക്കായി പ്രത്യേക മീറ്റിംഗില്ലെങ്കിൽ ആരംഭിക്കാൻ. നിങ്ങൾക്കറിയാവുന്ന മറ്റ് സ്ഥലം സഭകളുടെ പേരുപറഞ്ഞ്. മൂപ്പന്മാർക്കായി. മൈക്കാവ്, കല്ലിശ്ശേരി, അഞ്ചൽ സഭകളിലെ പ്രശ്നങ്ങൾ തീർന്ന് ദൈവനാമം മഹത്വപ്പെടാൻ. അഭിപ്രായ വ്യത്യാസങ്ങൾ ആരംഭത്തിങ്കലെ പരിഹരിക്കപ്പെടാൻ. | **15** ഞായറാഴ്ച ആരാധന, കർത്തൃമേശ ഏറ്റവും ദൈവഭയത്തോടെയും, ധ്യാനപൂർവ്വവും നടക്കാൻ. കൂടുതൽ പേർ സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാൻ. വചന ശുശ്രൂഷ ആത്മനിറവിൽ നടക്കുവാൻ. മൂപ്പന്മാർ, ശുശ്രൂഷകന്മാർ ഇവരെ ദൈവം നിയോഗിക്കുവാൻ. സഭയുടെ സാമ്പത്തിക കാര്യങ്ങൾ നിർവഹിക്കുന്നവരെ ഓർത്ത്. | **22** സഭകൾ ദൈവവചന പഠനത്തിനു പ്രാധാന്യം നൽകാൻ. ഹ്രസ്വകാല വേദപഠന ക്ലാസ്സുകൾ നടക്കുവാൻ. സണ്ടേസ്കൂളുകൾ ഭംഗിയായി നടക്കുവാൻ. ടീച്ചേഴ്സിനെ ഓർത്ത്. സഭയിൽ ലഭിക്കുന്ന സ്തോത്രകാഴ്ചയുടെ നല്ല ഭാഗവും മിഷൻഫീൽഡിലേക്കും വിവിധ പ്രവർത്തനങ്ങൾക്കായും ഉപയോഗിക്കാൻ. | **29** രക്ഷിക്കപ്പെടാത്ത കുഞ്ഞുങ്ങൾ. പിന്മാറ്റത്തിൽ ആരെങ്കിലുമുണ്ടെങ്കിൽ അവർക്കായും പേരു പറഞ്ഞ് പ്രാർത്ഥിക്കുക. സഭയിലെ വിശ്വാസികൾ തങ്ങളുടെ വരുമാനത്തിൽ നിന്ന് ദശാംശം മുതൽ മുകളിലോട്ട് കർത്താവിന്റെ വേലയ്ക്കായി നൽകാൻ. (നമ്മുടെ പങ്ക് നിർവഹിക്കുക). |
| **തിങ്കൾ** – അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **2** ഏപ്രിൽ – മെയ് മാസങ്ങളിൽ ഭാരതം പൊതുതെരഞ്ഞെടുപ്പിലേക്കു നീങ്ങുന്നു. ദൈവത്തെ ഭയപ്പെടുന്നവർ തെരഞ്ഞെടുക്കപ്പെടാൻ. സുവിശേഷ സ്വാതന്ത്ര്യത്തിനു തടസ്സം വരാതിരിക്കാൻ. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ. എൻ. ഗോപാലസ്വാമി. കമ്മീഷണർമാർ നവീൻ ചൗള, എസ്.വൈ. ഖുറേഷി, രാഷ്ട്രപതി പ്രതിഭാ പാട്ടീൽ, ഉപരാഷ്ട്രപതി മൊഹമ്മദ് ഹമീദ് അൻസാരി. | **9** രാജ്യത്തെ 28 സംസ്ഥാനങ്ങളിലെയും ഗവർണ്ണർമാർക്കും, മുഖ്യമന്ത്രിമാർക്കും വേണ്ടി പ്രാർത്ഥിക്കാം. ആന്ധ്രാ – എൻ.ഡി. തിവാരി, വൈ.എസ്. രാജശേഖര റെഡ്ഡി, അരുണാചൽ – ജന. (റിട്ട.) ജെ.ജെ. സിംഗ്, ദോർജി ഖണ്ഡു, ആസ്സാം – ശിവചരൺ മാത്തൂർ, തരുൺ ഹോഹോയ്, ബീഹാർ – ആർ. എൽ. ഭാട്ടിയ, നിതീഷ് കുമാർ. | **16** ഗവർണ്ണർമാർ, മുഖ്യമന്ത്രിമാർ – ഛത്തീസ്ഗഡ് – ഇ.എൽ.എൽ. നരസിംഹൻ, ഡോ. രമൺ സിംഗ്, ഗോവ – എസ്. എസ്. സിദ്ദു, ഡിഗംബർ വി. കാമത്ത്, ഗുജറാത്ത് – നവൽകിഷോർശർമ്മ, നരേന്ദ്ര മോഡി, ഹരിയാന – ഡോ. എ.ആർ. കിദ്വായ്, ഭൂപിന്ദർ സിംഗ് ഹുഡ, യു.പി. – റ്റി.വി. രാജശ്വേര റാവു, മായാവതി. | **23** ഗവർണ്ണർമാർ, മുഖ്യമന്ത്രിമാർ – ഹിമാചൽ – മിസ്. പ്രഭാറാവു, പ്രേം കുമാർ ധുമൽ, ജമ്മു കാശ്മീർ – എൻ.എൻ. ഖോറ, ഒമർ അബ്ദുള്ള, ഒറീസ്സാ – എം.സി. ബന്ദാരെ, നവീൻ പട്നായിക്, രാജസ്ഥാൻ – ശൈലേന്ദ്ര കുമാർ സിംഗ്, അശോക് ഗെലോട്ട്, ത്രിപുര – ഡി.എൻ. സഹായാ, മണിക്ക് സർക്കാർ. | **30** കേന്ദ്ര കാബിനറ്റ് സെക്രട്ടറി കെ.എം. ചന്ദ്രശേഖർ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ, നാഷനൽ സെക്യൂരിറ്റി അഡ്വൈസർ എം.കെ. നാരായണൻ, ആർമി ചീഫ് – ജനറൽ ദീപക് കപൂർ, നേവി ചീഫ് – അഡ്മിറൽ സുരേഷ മേത്ത, എയർഫോഴ്സ് – എയർ ചീഫ് മാർഷൽ ഫാലി. എച്ച്. മേജർ എന്നിവർക്കായി. |
| **ചൊവ്വ** – രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **3** വിവിധ സഭാ വിഭാഗങ്ങളുടെ നേതാക്കന്മാർ രക്ഷക്കപ്പെടാൻ. കത്തോലിക്കാ, യാക്കോബായ, ഓർത്തഡോക്സ്, സി.എസ്.ഐ., മാർത്തോമ സഭകളിൽ വലിയ ഉണർവ്വുണ്ടാകാൻ. പുതുതലമുറ സഭകൾ ദൈവവചന പ്രകാരം മുമ്പോട്ടു പോകാൻ. രക്ഷയുടെ സന്ദേശം അറിയിക്കാൻ. | **10** നാം അധിവസിക്കുന്ന പട്ടണത്തിലെ, ഗ്രാമത്തിലെ അധികാരികൾക്കായി. മേയർമാർ, മുനിസിപ്പൽ ചെയർമാൻ, കമ്മീഷണർ, വാർഡ് മെമ്പർമാർ, പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, മെമ്പറന്മാർ, പോലീസ് ഇൻസ്പെക്ടർ, വില്ലേജ് ഓഫീസർ, ഗവ. ആശുപത്രി ഡോക്ടർമാർ, മുനിസിപ്പാലിറ്റി തൂപ്പുകാർ, നഗരസഭാ, പഞ്ചായത്ത് ജീവനക്കാർ ഇവരുടെ പേരുകൾ ശേഖരിച്ച്. | **17** നമ്മുടെ ബന്ധുജനങ്ങൾക്കായി മടുത്തു പോകാതെ പ്രാർത്ഥിക്കുക. അവർ നരകത്തിൽ പോകാതിരിക്കാൻ കണ്ണീരോടെ. അവധിക്കും മറ്റും സന്ദർശിക്കാൻ പോകുമ്പോൾ നല്ല പുസ്തകങ്ങൾ, ട്രാക്ടുകൾ ഇവ നൽകുക. അടുത്തുള്ള സഭയിൽ നിന്നും നന്നായി ഇടപെടാൻ അറിയാവുന്നവരെ വിളിച്ച് പരിചയപ്പെടുത്തുക. ദൂരെയുള്ളവർക്ക് കത്തുകൾ, ഇ–മെയിൽ അയക്കു | **24** കേരളത്തിലെ രക്ഷിക്കപ്പെടാത്ത പണിയർക്കുവേണ്ടി. 93000 പേർ ആകെ. ഭൂവുടമകളുടെ അടിമകളായിരുന്നവർ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ. പുതിയ നിയമം ലഭ്യമായി. മുഴു വേദപുസ്തകം ലഭിക്കാൻ. പണിയരുടെ ഇടയിൽ നിന്ന് അനേക സുവിശേഷ പ്രവർത്തകർ എഴുന്നേൽക്കാൻ. വയനാട്ടിലും ചെറിയ കൂട്ടം തമിഴ്നാട്, കർണ്ണാടകയിലും ഉണ്ട്. | **31** കേരള തമിഴ്നാട് അതിർത്തിയിലെ 'മലസർ' ജനവിഭാഗത്തിനായി. 10,000 പേർ ആകെ. ഇതുവരെ ബൈബിൾ പരിഭാഷ ചെയ്തിട്ടില്ല. ക്രൈസ്തവർ 10 ശതമാനം മാത്രം. വളരെ കുറച്ചു പേർ മാത്രം അഭ്യസ്തവിദ്യർ. മലസർ രക്ഷിക്കപ്പെടാനും അവരുടെ ഇടയിൽ നിന്ന് വേലക്കാർ എഴുന്നൽക്കുന്നതിനും പ്രാർത്ഥിക്കുക. |
| **ബുധൻ** – സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **4** സൗഖ്യമില്ലാത്തവരെ സന്ദർശിച്ച് പ്രാർത്ഥിക്കുക. അവരെ ശുശ്രൂഷിക്കുന്നവരെ ഓർത്ത് പ്രത്യേകം. സൗഖ്യമില്ലാത്തവർ – സാമുവൽ (യു.എ.ഇ.), നാൻസി മണിയങ്ങാട് (യു.എസ്.എ.), സജി തോമസ് (ഡൽഹി), മോളികുട്ടി എബ്രഹാം, തോമസ് പി. സാമുവൽ (ഭോപാൽ), സാം മാത്യൂ (ചാന്തുകാവ്), എബ്രഹാം ടി.ടി. (കൊമ്പനാട്), സോമനാഥൻ (കൽപ്പറ്റ) | **11** നിങ്ങൾക്കറിയാവുന്ന രോഗികളുടെ ലിസ്റ്റ് തയ്യാറാക്കി വെക്കുക. പ്രാർത്ഥിച്ചവരുടെ രോഗവിവരങ്ങൾ തിരക്കി തുടർന്നും പ്രാർത്ഥന ആവശ്യമെങ്കിൽ തുടരുക. ഗ്രേസി (പഴഞ്ഞി), സയൺ പാണി (നാഗാലാന്റ്), ജോൺ കെ.എം. (കണ്ണൂർ), വൽസ എബ്രഹാം (ബാംഗ്ലൂർ), കുഞ്ഞുമോൾ തോമസ് (അടൂർ), സജി തോമസ് (ഡൽഹി). | **18** വാർദ്ധക്യത്തിന്റെ പ്രയാസമനുഭവിക്കുന്നവർക്കു വേണ്ടി. അയൽപക്കത്ത് ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഓർത്ത്. വി.പി. ജേക്കബ് (തിരുവനന്തപുരം), തിരുവനന്തപുരത്തെ ആർദ്രം പ്രോജക്ടിനായി – രോഗികൾക്കുള്ള താമസസൗകര്യം. സീതറാം (ഗ്വാളിയർ), ലിയോപോൾ (ഇരിങ്ങാലകുട), ജോയ്സ് (ബാംഗ്ലൂർ), | **25** കഴിഞ്ഞ ദിവസങ്ങളിൽ പ്രാർത്ഥിച്ചവരിൽ സുഖം പ്രാപിച്ചുവരുന്നവർക്കായി സ്തോത്രം ചെയ്യാം. സഹോ. എ.ആർ. പീറ്റർ സുഖം പ്രാപിച്ചു വരുന്നു. മേപ്രാലിലെ മെർലിന് അല്പം ആശ്വാസമുണ്ട്. ആശുപത്രികളിലെ ഡോക്ടർമാർ, നേഴ്സുമാർ, ഇവർ അർപ്പണത്തോടെ രോഗികളെ ശുശ്രൂഷിക്കുവാൻ. | |
| **വ്യാഴം** – സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **5** കർണ്ണാടകയിലെ കാമഗരി, കൊള്ളേഗൽ, മലവള്ളി സഭകളെയും പ്രവർത്തനങ്ങളെയും ഓർത്ത്. ചത്തീസ്ഗഡിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി. ഭിലായ് സഭ മുഖാന്തരം കൂടുതൽ സ്ഥലം സഭകൾ രൂപീകരിക്കപ്പെടാൻ. സുവി. ഷാലു. കി. നൈനാൻ, ബിലാസ്പൂർ, ബസ്തർ ഇവിടങ്ങളിലെ സഭകൾക്കായി. | **12** കർണ്ണാടകയിൽ പരസ്യപ്രവർത്തനങ്ങൾ സാദ്ധ്യമല്ലാത്ത സ്ഥിതി, ബി.ജെ.പി. ഗവർമെന്റിനായി. വി.എച്ച്.പി. ബജ്റംഗദൾ പ്രവർത്തകർക്കായി. കർണ്ണാടകയിലെ സുവിശേഷകന്മാരുടെ സംരക്ഷണത്തിനായി. കൂടുതൽ കർണ്ണാടകക്കാർ വേലയ്ക്കായി മുമ്പോട്ടു വരാൻ. ബൈബിൾ സ്കൂളുകൾ മുടങ്ങാതെ നടക്കുവാൻ. | **19** ആന്ധ്രയിലെ വിജയവാഡയിൽ ഫാമിലി ലൈഫ് കോൺഫറൻസ് നടക്കുന്നതിനായി. സുവി. എസ്. ജോസഫിനും കുടുംബത്തിനുമായി. വിശാഖപട്ടണത്ത് ഫലകരമായി പ്രവർത്തിക്കുന്ന കർതൃദാസൻ എ.ജി. ജെയിക്കബിനം കുടുംബത്തിനുമായി സ്തോത്രം ചെയ്യാം. ശ്രീകാകുളം ജില്ലയിൽ സഹോ. നാരായൺ പോൾ ആരംഭിച്ച പ്രവർത്തനങ്ങൾ തുടരുവാൻ. | **26** നാഷണൽ ഫാമിലി ലൈഫ് കോൺഫറൻസിനായി. കുടുംബാംഗങ്ങൾ ദൈവികപദ്ധതി അനുസരിച്ച് പോകാൻ. ഭാര്യാഭർത്താക്കന്മാരുടെ ചുമതല മനസ്സിലാക്കി പ്രവർത്തിക്കുവാൻ. പ്രാദേശിക സഭകളിൽ അനവധി ഫാമിലി ലൈഫ് കോൺഫറൻസുകൾ നടക്കാൻ. വിവാഹത്തിനു മുമ്പ് പ്രീമാരൈറ്റൽ കൗൺസലിംഗ് ഫലപ്രദമായി നൽകുവാൻ. | |
| **വെള്ളി** – ലോക രാജ്യങ്ങൾ | **6** ലോകത്തിലുള്ള ദ്വീപുകളിൽ ഏറ്റവും കൂടുതലാളുകൾ പാർക്കുന്ന ദ്വീപ് ഇൻഡോനേഷ്യയിലെ ജാവ ആണ്. 12 കോടി 40 ലക്ഷം. 90 ശതമാനം ജനങ്ങൾ മുസ്ലീം. ക്രിസ്തീയ വിശ്വാസികൾ ഭയത്തോടെ ജീവിക്കുന്നു. പീഡയനുഭവിക്കുന്ന ദൈവജനത്തെ ഓർക്കാം. ജാവയെ കർത്താവിനായി നേടുവാനും. | **13** തായ്വാൻ – ക്രിസ്ത്യാനികൾ 6 ശതമാനം മാത്രം. ചൈനീസ്, ബുദ്ധമത അനുയായികളും നിരീശ്വരന്മാരും ഭൂരിപക്ഷം. ഇപ്പോൾ മതേതര രാജ്യം. മതസ്വാതന്ത്ര്യമുണ്ട്. പക്ഷേ ചൈനയുമായുള്ള ബന്ധം വിടർത്താൻ ശ്രമിക്കുന്നത് ചൈനയ്ക്കു ഇഷ്ടമില്ല. യുദ്ധത്തിനും സാദ്ധ്യത. | **20** സിംഗപ്പൂർ 62 ചെറിയ ദ്വീപുകൾ ചേർന്ന ഒരു രാജ്യം. മതസ്വാതന്ത്ര്യമുണ്ട്. ബുദ്ധമതം 42% മുസ്ലീം 15%, ക്രിസ്ത്യാനികൾ 14.60 ശക്തമായ ബ്രദ്റൻ സഭകളുണ്ട്. അനേക മിഷൻ പ്രവർത്തനങ്ങളുടെ കേന്ദ്രം. നല്ല ദർശനമുള്ള സഭകൾ ഉള്ളതിനാൽ അനേകരെ നേടുവാനായി പ്രത്യേകം പ്രാർത്ഥിക്കുക. | **27** അഫ്ഗാനിസ്ഥാൻ – പലയിടത്തും 'താലിബാൻ' ശക്തമാണ്. ക്രിസ്ത്യാനികൾ 0.02 ശതമാനം താലിബാൻ അത്യധികമായി ക്രിസ്തീയ പീഡ നടത്തുന്നവരാണ്. ലോകത്തെ 'മുറിവേൽപ്പിക്കുന്ന' ഈ രാജ്യം കർത്താവിന്റെ വകയാകാൻ, താലിബാൻ തീവ്രവാദികൾ രക്ഷിക്കപ്പെടുവാൻ. | |
| **ശനി** – കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **7** മദ്ധ്യവേനൽ അവധിക്കാലത്ത് നടക്കുന്ന വി.ബി.എസ്.കൾക്കായി. മറാത്തി, തെലുങ്ക്, ഹിന്ദി, കന്നഡ ഭാഷകളിൽ സിലബസ് തർജ്ജമ ചെയ്യാൻ. സാമ്പത്തീക ആവശ്യങ്ങൾക്കായി. ബാലസംഘം, സി.ഇ.എഫ്., സി.എസ്.എസ്.എം., സീഫി, സ്ക്രിപ്ചർ യൂണിയൻ പ്രവർത്തനങ്ങൾക്കായി. | **14** പോൾ തിമോത്തി ട്രസ്റ്റിന്റെ രോഗികൾക്ക് താമസിക്കാനുള്ള ആർദ്രം പ്രോജക്ടിനായി. യുവജന ട്രെയിനിംഗിനുള്ള തിരുവല്ലായിലെ പോൾ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ടിനായി. മെയ് 20 – 29 വരെ നടക്കുന്ന പ്രോഗ്രാമിനായി. സ്റ്റിവാർഡ് അസോസിയേഷൻ ഭാരവാഹികൾക്കായി. ഭാരത സുവിശേഷീകരണത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ. | **21** ടീൻസ് ക്യാമ്പുകൾക്കായി. ടീനേജുകാരെ ശരിയായി അഭ്യസിപ്പിക്കുവാൻ. മാതാപിതാക്കൾക്കും സഭാ നേതൃത്വത്തിലുള്ളവർക്കും ശരിയായ ദർശനം ഇക്കാര്യത്തിൽ ലഭിക്കുവാൻ. 'തകരാറിലാകുന്നതിനു മുമ്പ് ഒരുക്കുവാൻ'. പഠന വൈകല്യമുള്ള കുട്ടികൾക്കായി പരിശീലന കേന്ദ്രം ആരംഭിക്കുവാൻ. | **28** ആശുപത്രി പ്രവർത്തനങ്ങൾക്കായി. കർണ്ണാടകയിലെ സങ്കേശ്വർ, ആന്ധ്രയിലെ നരസപ്പൂർ, അംബാജിപേട്ട എന്നിവിടങ്ങളിൽ കൂടുതൽ മെച്ചപ്പെടാൻ. ആന്ധ്രയിലോ, കേരളത്തിലോ നമ്മുടെ മദ്ധ്യത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ. വിദേശത്തു പോയി സ്ഥിരതാമസമാക്കാതെ നമ്മുടെ ഡോക്ടർമാർ ഭാരതത്തിൽ പ്രവർത്തിക്കുവാൻ. | |

### ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം

5 മിനിറ്റ് സ്തുതി:

5 മിനിറ്റ് നന്ദി (സ്ത്രോതം):

5 മിനിറ്റ് ഏററുപറച്ചിൽ:

20 മിനിറ്റ് വചനധ്യാനം:

20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:

5 മിനിറ്റ് അപേക്ഷ:

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക.

പ്രയർ കലണ്ടർ, C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്വേ, എറണാകുളം - 682 031

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,